No. 40/2023

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

സഭയിലെ വൈദികരുടെയും ശുശ്രൂഷകരുടെയും ശമ്പള പരിഷ്ക്കരണം 2020-ൽ നടപ്പാക്കുവാൻ തക്കവിധം എല്ലാ ക്രമീകരണങ്ങളും ചെയ്തിരുന്നതാണ്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ കോവിഡ് -19 മഹാമാരിയുടെയും അതേതുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ പദ്ധതി നടപ്പാക്കാൻ കഴിയാതെവന്നു. ഇപ്പോൾ ശമ്പളപരിഷ്ക്കരണ കമ്മറ്റി വീണ്ടും കൂടുകയും 2023 ഏപ്രിൽ 1 മുതൽ കേരളത്തിലെ ഭദ്രാസനങ്ങളിൽ പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വൈദികർക്കും ശുശ്രൂഷകർക്കും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം അവരുടെ മിതമായ ആവശ്യങ്ങൾക്കുപോലും പര്യാപ്തമല്ല എന്നു ബോധ്യപ്പെട്ടതിനാൽ വൈദികരുടെ അടിസ്ഥാന ശമ്പളം കാലാനുസൃതം വർദ്ധിപ്പിച്ച് അതിനനുയോജ്യമായ ക്ഷാമബത്ത, അലവൻസുകൾ, ക്ഷേമനിധി, ഇൻഷ്വറൻസ്, എന്നിവ അടങ്ങിയ പദ്ധതിയുടെ പൂർണ്ണരൂപം - Ready reckoner ഉൾപ്പെടെ - നമ്മുടെ ഒപ്പും മുദ്രയും വച്ച് ഇതോടൊപ്പം അയച്ചുതരുന്നതാണ്. ശുശ്രൂഷകരുടെ ശമ്പളവും, ഇടവകയിലെ ഭവനങ്ങളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് ഓരോ ഇടവകയിൽ നിന്നും മാനദണ്ഡങ്ങൾ പാലിച്ച് ശുശ്രൂഷകർക്ക് നേരിട്ടു നൽകേണ്ടതാണ്. ഈ പദ്ധതി പ്രകാരം ലഭിക്കാവുന്ന ശമ്പളത്തിൽ കൂടുതൽ വരുന്ന തുകയാണ് ഇപ്പോൾ ശുശ്രൂഷകന് നൽകുന്നതെങ്കിൽ ആ തുകയിൽ മാറ്റം വരുത്തേണ്ടതില്ല.

ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വിഭവ സമാഹരണം നടത്തുന്നതിന് ഓരോ ഇടവകയും സഹകരിക്കേണ്ടതാണ്. ഭദ്രാസനത്തിൽ നിന്ന് ഇടവകകൾക്ക് നിശ്ചയിച്ചു നൽകുന്ന തുക ഓരോ ഇടവകയും വീഴ്ചവരുത്താതെ ഭദ്രാസന കേന്ദ്രങ്ങളിൽ കൃത്യമായി അടയ്ക്കേണ്ടതാണ്. 2023 ഏപ്രിൽ മാസം മുതൽ പദ്ധതി നടപ്പാക്കുവാനുള്ള എല്ലാ മുന്നൊരുക്കങ്ങളും ഇടവകതലത്തിൽ നടത്തേണ്ടതാണ്. ആദ്യവർഷം ഇടവകയ്ക്കു നിശ്ചയിക്കുന്ന മാസഗഡുവിന്റെ 6% വർദ്ധനവ് തുടർന്നുള്ള ഓരോ വർഷവും നൽകേണ്ടതാണ്. ഇടവക വരുമാനത്തിന്റെ 40% വൈദികരുടെയും, ശുശ്രൂഷകരുടെയും വേതനത്തിനും, ആരാധനാപരമായ സംവിധാനങ്ങളുടെ ക്രമീകരണങ്ങൾക്കുമായി മാറ്റി വയ്ക്കണമെന്ന് സഭാ ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളത് നിങ്ങൾ ശ്രദ്ധിക്കുമല്ലോ. ഭവനങ്ങൾ ഇടവകയ്ക്ക് നൽകേണ്ട മാസവരി, മറ്റു വരുമാനങ്ങൾ ആദിയായവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുവാൻ വേണ്ട തീരുമാനങ്ങൾ ബന്ധപ്പെട്ട സമിതികളിൽ നിന്നും ഉണ്ടാവണം. ഏകസഭയുടെ അവയവങ്ങളാണ്

(മറുപുറം)

നാം ഓരോരുത്തരും എന്ന് എല്ലാവരും മനസിലാക്കി, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകകളെയും ഭദ്രാസനങ്ങളെയും സഹായിക്കുന്നതിനുകൂടി പര്യാപ്തമാകും വിധം നമ്മുടെ കാതോലിക്കാദിനപ്പിരിവ് ടാർജറ്റിലും അധികമായി സമാഹരിച്ച് നൽകാൻ ശ്രമിക്കണമെന്നുകൂടി നാം നിങ്ങളോട് ആവശ്യപ്പെടുന്നു.

വൈദികൻ ഇടവകയുടെ പിതാവാണെന്നും, പിതാവിനെ കരുതേണ്ടത് മക്കളുടെ ചുമലയാണെന്നും നിങ്ങൾ വിസ്മരിക്കരുത്. വൈദികനോടൊപ്പം ഇടവക ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ശുശ്രൂഷകരെയും വേണ്ടുംവണ്ണം കരുതുവാൻ ഓരോ ഇടവയ്ക്കും ബാദ്ധ്യതയുണ്ട് എന്നതും നിങ്ങൾ വിസ്മരിക്കയില്ലെന്ന് നമുക്ക് ബോധ്യമുണ്ട്. നമ്മുടെ സഭയുടെയും, ഭദ്രാസനത്തിന്റെയും ഇടവകയുടെയുമെല്ലാം യശസ് ഉയരുംവിധം നിങ്ങൾ ഉചിതമായി എല്ലാക്കാര്യങ്ങളും നിർവ്വഹിക്കണമെന്ന് നാം ആഹ്വാനം ചെയ്യുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ജനുവരി മാസം 19-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.